# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2034 01.02.2018 ൽ മറുപടിയ്ക്ക്**

**നികുതിവെട്ടിച്ച് ഓടുന്ന വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതിവെട്ടിച്ച് ഓടുന്ന എത്ര വാഹനങ്ങൾ ഈ സർക്കാർ കാലയളവിൽ കണ്ടെത്തി എന്നും ഇതുവഴി എത്ര തുകയുടെ റവന്യൂ റിക്കവറി ട്രാൻസ്പോർട്ട് വകുപ്പ് നടത്തി എന്നും വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | പുതുശ്ശേരിയിൽ രജിസ്റ്റർ ചെയ്ത് ടാക്സ് തട്ടിപ്പുനടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ സംശയിക്കപ്പെടുന്ന 2357 വാഹനങ്ങളുടെ ലിസ്റ്റ് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/താൽക്കാലിക മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ, കേരളത്തിൽ നിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ, കേരളത്തിലെ വാഹന വില്പനക്കാരിൽ നിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾക്കൊള്ളിച്ചാണ് പട്ടിക തയ്യാറാക്കിയത്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വാഹന ഉടമകൾക്ക് നോട്ടീസ് നൽകി വരുന്നു. നിലവിൽ 877 വാഹന ഉടമകൾക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. നിലവിൽ 88 വാഹന ഉടമകളിൽ നിന്നായി 8,88,58,787/-രൂപ ടാക്സ് ഈടാക്കിയിട്ടുണ്ട്. പുതുശ്ശേരിയിൽ രജിസ്റ്റർ ചെയ്ത് നികുതിയടയ്ക്കാതെ കേരളത്തിൽ ഓടുന്ന വാഹനങ്ങളിൽ ഭൂരിഭാഗവും ആഡംബര വാഹനങ്ങളാണ്. ഉടമകളുടെ എണ്ണം കാരണം കാണിക്കൽ നോട്ടീസിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ മാത്രമേ നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പൊതുപ്രവർത്തകർ ഉൾപ്പെടെ വിവിധ മേഖലകളിലുള്ള എത്ര ഉന്നതർ വ്യാജരേഖ ചമച്ച് വാഹനം രജിസ്റ്റർ ചെയ്ത് ഉപയോഗിക്കുകയും സംസ്ഥാനത്തിനു ലഭിക്കേണ്ട എത്ര തുകയുടെ തട്ടിപ്പ് ആഡംബര വാഹനവുമായി ബന്ധപ്പെട്ട് ഇവർ നടത്തി എന്നും ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ കേസ്സുകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ കാലയളവിൽ, വ്യാജനമ്പർ പതിപ്പിച്ചും മറ്റു തട്ടിപ്പുകൾ നടത്തിയും ഓടിച്ചിരുന്ന ബസ്സുകൾ ഇടങ്ങിയ എത്ര യാത്രാവാഹനങ്ങൾ പിടികൂടി എന്നും എത്രപേരുടെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര വാഹനങ്ങൾ വകുപ്പിന്റെ കസ്റ്റഡിയിലുണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | വ്യാജനമ്പർ ഉപയോഗിച്ച് സർവ്വീസ് നടത്തിയ 7 കേസുകൾ കണ്ടുപിടിച്ചതിൽ 5 വാഹന ഉടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയവ പോലീസ് കസ്റ്റഡിയിൽ ആണ്. രണ്ട് വാഹനങ്ങൾക്കെതിരെ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി നിയമപ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ